# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2820** **21.06.2012-ൽ മറുപടിക്ക്**

**അഴീക്കൽ, പെരിഞ്ചേരിക്കടവ് പാലങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. കെ. കെ. ലതിക : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് കുറ്റ്യാടി മണ്ഡലത്തിലെ അഴീക്കൽ കടവ്, പെരിഞ്ചേരിക്കടവ് പാലങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ; | (എ) അഴീക്കൽ കടവ് പാലവും, അപ്രോച്ച് റോഡും നിർമ്മിക്കേണ്ട അലൈൻമെന്റ് അംഗീകരിച്ചു. ഈ അലൈൻമെന്റ് പ്രകാരം ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ അടങ്കൽ ഉണ്ടാക്കുന്ന പ്രവൃത്തി വില്ലേജാഫീസുകളിൽ പുരോഗമിച്ചു വരുന്നു. പെരിഞ്ചേരിക്കടവ് പാലം നിർമ്മിക്കേണ്ട ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. അതു പ്രകാരം ഉണ്ടാക്കിയ അലൈൻമെന്റ് പരിശോധിച്ചുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതികളിൽ എത്ര തുക വീതം ചെലവഴിച്ചു; വ്യക്തമാക്കുമോ; | (ബി) അഴീക്കൽ കടവ് പാലം - 2,48,104/- (ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി)<br>പെരിഞ്ചേരിക്കടവ് പാലം - 97,350/- (ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി) |
| (സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ? | (സി) സമയബന്ധിതമായി പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

Lalitha

സെക്ഷൻ ഓഫീസർ